**കേരള സർക്കാർ**

സംഗ്രഹം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

*ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്*

**സ.ഉ. (സാധാ) നം. 2338/2018/ധന.** തിരുവനന്തപുരം, തീയതി **22.03.2018**

---

പരാമർശം - 1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20.03.2018 ലെ എസ്റ്റാ 1/2913/2017-18/KSLA &SWFB നമ്പർ കത്ത്

2. 29.08.2009 ലെ 75/09/ധന സർക്കുലർ

**ഉത്തരവ്**

പരാമർശത്തിലെ സർക്കുലർ പ്രകാരം എല്ലാ ക്ഷേമനിധി ബോർഡുകളും അവരുടെ സർക്കാർ വിഹിതം / ഗ്രാന്റ് ഇനത്തിൽ ലഭിക്കുന്ന തുക നിർബന്ധമായും ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കണമെന്നും ഇതിലേക്കായി സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും കൂടാതെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന് സർക്കാർ സംഭാവനയിനത്തിൽ 2075-00-103-96-10-NP എന്ന ശീർഷകത്തിൽ ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ ഒരു സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്തിലൂടെ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ